# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 7** **28.11.2018 -ൽ മറുപടിക്ക്.**

## റേഷൻ സാധനങ്ങൾ അനുവദിക്കുന്ന സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ. ആർ. കേളു**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**,, കെ. ആൻസലൻ**<br>**,, പി.ടി.എ. റഹീം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം റേഷൻ സാധനങ്ങൾ ഇ-പോസ് ഉപകരണം വഴി ഓൺലൈനായി അനുവദിക്കുന്ന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) ഓൺലൈൻ സംവിധാനം കൂടുതൽ പ്രവർത്തനക്ഷമം ആക്കുന്നതിന് വേണ്ടി സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ കൂടുതൽ പ്രവർത്തന ശേഷിയുള്ള സെർവറുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 നവംബർ മാസം മുതൽ ഈ സെർവറുകളിലേക്ക് ഇ-പോസ് ആപ്ലിക്കേഷൻ മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന പരമാവധി ട്രാൻസാക്ഷനുകൾ നടത്തുന്നതിനായി ഗുണഭോക്താക്കളുടെ ആധാർ നമ്പരുകൾ ശേഖരിച്ച് സീഡ് ചെയ്യുന്നുണ്ട്. ഇ-പോസ് മെഷീനിൽ നേരിട്ടും താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം ആപ്ലിക്കേഷൻ മുഖേനയും ആധാർ സീഡ് ചെയ്യുന്നതിന് സാധിക്കും. |
| (ബി) ഓൺലൈൻ സംവിധാനത്തിന്റെ കാര്യക്ഷമതക്കുറവ് വ്യാപക തട്ടിപ്പിനിടയാക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ; ആയത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (ബി) സെർവർ തകരാർ, നെറ്റ് വർക്ക് തകരാർ മുതലായ കാരണങ്ങളാൽ ചിലപ്പോഴൊക്കെ റേഷൻവിതരണം തടസ്സം നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ബയോമെട്രിക് ആതന്റിക്കേഷൻ ഇല്ലാതെ റേഷൻവിതരണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബയോമെട്രിക് രീതിയിൽ അല്ലാതെ മാനുവലായി കൂടുതൽ ട്രാൻസാക്ഷനുകൾ നടത്തിയ റേഷൻകടകളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയ 8 റേഷൻകടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഇ-പോസ് മെഷീനുകളെക്കുറിച്ച് അവബോധം നൽകുന്നതിനായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ഓരോ കാർഡുടമയ്ക്കും അർഹതപ്പെട്ട വിഹിതം സംബന്ധിച്ച് എല്ലാ മാസവും എസ്.എം.എസ് സന്ദേശം നൽകുന്നുണ്ട്. കൂടാതെ റേഷൻ വാങ്ങുമ്പോൾ വാങ്ങിയ സാധനങ്ങളുടെ വിവരങ്ങളും എസ്.എം.എസ് |

ആയി നൽകുന്നുണ്ട്. നിലവിൽ ഓൺലൈൻ റേഷൻസംവിധാനം കാര്യക്ഷമമായാണ് നടക്കുന്നത്.

(സി) പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടികൾ മുൻ സർക്കാരിന്റെ കാലത്ത് നിർത്തി വച്ചിരുന്നത് പുനരാരംഭിക്കാനും അർഹരായവർക്കെല്ലാം കാർഡുകൾ വേഗത്തിൽ ലഭ്യമാക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ ;

(സി) റേഷൻകാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25/06/2018 മുതൽ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ നാലു വർഷമായി റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. 20/11/2018 വരെ താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678 അപേക്ഷകളിൽ 10,09,557 എണ്ണം ഡേറ്റാ എൻട്രി നടത്തിക്കഴിഞ്ഞു. അക്ഷയ വഴി 3,27,364 അപേക്ഷകളും ഓൺലൈൻ മുഖേന 43,910 അപേക്ഷകളും താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് ലഭിച്ച 11,51,678 ഉം എന്നിങ്ങനെ ആകെ 15,22,952 അപേക്ഷകളാണ് ഇതു വരെ കിട്ടിയത്. ഇതിൽ 4,35,515 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് സി-ഡിറ്റ്, അക്ഷയ സ്ഥാപനങ്ങളിൽ നിന്നും ഏകദേശം അഞ്ഞൂറോളം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ റേഷൻകാർഡ് പ്രിന്റ് എടുക്കുന്നതിന് വേണ്ടി ഏകദേശം 150 പ്രിന്ററും 80 ലാമിനേഷൻ മെഷീനും ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ മീറ്റിംഗ് കൂടി പുരോഗതി വിലയിരുത്തുന്നുണ്ട്.

(ഡി) അനർഹരെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കാനും അർഹരെ പട്ടികയിൽപ്പെടുത്താനും നടത്തിയ പ്രവർത്തനം പൂർത്തിയായോ; വിശദാംശം അറിയിക്കാമോ ?

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ റേഷൻ കടകൾ വഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽ നിന്നും താലൂക്ക്തല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേക്ക് ആദ്യഘട്ടത്തിൽ 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും (ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ തദ്ദേശ

സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഡാറ്റായുമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.സി.എം.എസ്) ഡാറ്റാ മാപ്പിംഗ് നടത്തിയത് പ്രകാരം പിന്നീട് ഫീൽഡ് തല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ഒഴിച്ചിട്ട ശേഷം ശേഷിക്കുന്ന ഒഴിവുകളിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽ നിന്നും അർഹരെ ഉൾപ്പെടുത്തി വരുന്നു. ഇതുവരെ 48,269 കുടുംബങ്ങളെ അതായത് 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു.

*സെക്ഷൻ ഓഫീസർ*